● എ.റശീദുദ്ദീൻ

# പാകിസ്താനിൽ വീണ്ടുമൊരു തെരഞ്ഞെടുപ്പ് പ്രഹസനം

**മുശർറഫ് എന്ന വ്യക്തിയുടെ നിലനിൽപ്പാണ് പാകിസ്താൻ എന്ന രാജ്യത്തിന്റെ നിലനിൽപ്പിനേക്കാൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രധാനമാവുന്നത്. ജനാധിപത്യ വിരുദ്ധതയുടെ മൂർത്തരൂപമായിട്ടും യൂറോപ്യൻ യൂണിയനും അമേരിക്കയും അദ്ദേഹത്തെയാണ് പിന്തുണക്കുന്നതും. ഈ സാഹചര്യത്തിൽ മറ്റു പലരുടെയും താൽപര്യങ്ങളുടെ പാവക്കൂത്തല്ലാതെ അവിടെ നടക്കുന്നത് തെരഞ്ഞെടുപ്പാണെന്ന് വിശ്വസിക്കുക പ്രയാസമാണ്.**

**പാകിസ്താൻ** യാത്രക്കിടയിൽ വിസ പുതുക്കിക്കിട്ടുന്നതിനു വേണ്ടി ഒരിക്കൽ ലാഹോറിൽ നിന്നും ഇസ്‌ലാമാബാദു വരെ എനിക്കു പോകേണ്ടി വന്നു. അവിടെ പാർലമെന്റ് വളപ്പിനകത്താണ് ഓഫീസ് സ്ഥിതി ചെയ്യുന്നത്. സംഗതി ഒരു കൈയൊപ്പാണെങ്കിലും അതിനു വേണ്ടിവന്നത് രണ്ടു ദിവസത്തെ അധ്വാനമായിരുന്നു. സാധാരണഗതിയിൽ സന്ദർശകരുടെ വിസ പുതുക്കുന്നത് ലാഹോറിൽ തന്നെയാണ്. പക്ഷേ, പത്രക്കാരുടെ വിസയായതു കൊണ്ടാണ് ഒപ്പു വാങ്ങാൻ 400 കിലോമീറ്റർ യാത്ര വേണ്ടിവന്നത്! തണുപ്പ് ആ ദിവസങ്ങളിൽ മൈനസ് ഡിഗ്രിയിലേക്കു താണിരുന്നു. കനത്ത മഴയും ശീതക്കാറ്റും ജനജീവിതം അസഹനീയമാക്കുകയും ചെയ്തു. തണുപ്പിൽ നിന്നും രക്ഷനേടാനായി ചർസാദയിലെ മാർക്കറ്റിൽ നിന്നും വാങ്ങിയ ചാദറുമായാണ് ഞാൻ ഇസ്‌ലാമാബാദിലേക്കു ചെന്നത്. പക്ഷേ ഈ പുതപ്പ് എന്നെ അബദ്ധത്തിൽ ചാടിച്ചേനെ. പാകിസ്താൻ പാർലമെന്റ് വളപ്പിൽ ആദ്യം കണ്ട പോലീസ് സംഘത്തിനു മുന്നിൽ വണ്ടി നിർത്തി വഴിയന്വേഷിക്കാനായി ഞാൻ പുറത്തിറങ്ങിയതാണ് സംഭവം. പൊടുന്നനെ മുഴുവൻ പോലീസുകാരും പുറകോട്ടു മാറി തോക്കുകൾ ചൂണ്ടി 'ആക്ഷനിൽ' എനിക്കു ചുറ്റും നിരന്നു. എന്താണ് സംഭവിക്കുന്നതെന്ന് ഒരെത്തും പിടിയും കിട്ടിയില്ല. 'സുഹൃത്തുക്കളേ, ഞാൻ നിങ്ങളോടുവഴി ചോദിക്കാനാണ് നിർത്തിയത്' ഞാൻ പറഞ്ഞു. സാഹചര്യത്തിൻെറ ഗൗരവം കുറക്കാൻ അവരോട് ചിരിക്കുകയും ചെയ്തു. പിന്നീടാണ് അബദ്ധം മനസ്സിലായത്. കമ്പളം പുതക്കുക പാകിസ്താനിൽ സർവ സാധാരണമാണെങ്കിലും ഇന്നവിടെ ഏറ്റവും ഭയപ്പെടുന്ന വേഷവും ഇതാണ്. കമ്പളം പുതച്ചെത്തിയാണ് ചാവേറുകൾ മിക്കയിടത്തും സ്ഫോടനം നടത്തുന്നത്. പെഷവാറിൽ ഈ വേഷം സർക്കാർ നിരോധിക്കുക പോലും ചെയ്തിട്ടുണ്ട്.

യാത്രയിൽ കൗതുകത്തോടെ ഞാൻ അന്വേഷിച്ചു കൊണ്ടിരുന്നത് പർവേസ് മുശർറഫിനെ പിന്തുണക്കുന്ന ജനങ്ങൾ എവിടെയൊക്കെയുണ്ട് എന്നതായിരുന്നു. അദ്ദേഹത്തെ എതിർക്കുന്നത് വെള്ളക്കോളറുകാരായ, ഇംഗ്ലീഷ് സംസാരിക്കുന്ന, ഉപരിവർഗത്തിൽ പെടുന്നവരാണ് എന്നായിരുന്നു പൊതുവെയുള്ള ധാരണ. ഒരളവോളം അത് ശരിയുമാണ്. പാകിസ്താനിലെ ഉപരിവർഗം ഈയിടെയായി പൂർണമായും അദ്ദേഹത്തിനെതിരായി മാറിയിട്ടുണ്ട്. പക്ഷേ, നിലവിലുള്ള ചിത്രം മറ്റൊന്നാണ്. ആ രാജ്യത്ത് ഒറ്റയാൾക്കും മുശർറഫിനെ വേണ്ട. എത്രത്തോളമെന്നാൽ ഒരു പൊതുയോഗത്തെ അഭിസംബോധന ചെയ്യാനുള്ള ധൈര്യം പോലും ഇന്ന് മുശർറഫിനില്ല.

ഭരണത്തിന്റെ ആദ്യ ഘട്ടങ്ങളിൽ ജനപ്രീതിയിൽ മുൻകാല രാഷ്ട്രീയ നേതാക്കളെ മറികടന്ന ഈ പട്ടാളഭരണാധികാരിക്ക് എന്തു സംഭവിച്ചു? അസാധാരണമായ മാറ്റത്തിൻെറ കഥകളായിരുന്നു അത്. അധികാരത്തിൻെറ ആദ്യനാളുകളിലെ മുശർറഫിന് ശരാശരി പാകിസ്താനിയെ എല്ലാ നിലക്കും തൃപ്തിപ്പെടുത്താൻ കഴിഞ്ഞിരുന്നു. എല്ലാ പട്ടാള ഭരണങ്ങളിലും സംഭവിക്കാറുള്ളതുപോലെ സർക്കാർ ഓഫീസുകളിൽ സൈന്യത്തിന്റെ പ്രതിനിധികൾ കാര്യങ്ങളുടെ മേൽനോട്ടം വഹിച്ചു. രാഷ്ട്രീയക്കാരുടെ കാലത്ത് ഈ ഓഫീസുകൾ അഴിമതിയുടെ കൂത്തരങ്ങായിമാറുക പതിവായിരുന്നെങ്കിൽ സൈന്യം അവരെ വരച്ച വരയിൽ നിർത്തി. രാജ്യത്തെ റോഡുകളും വൈദ്യുതി വിതരണവും എക്കാലത്തെക്കാളും മെച്ചപ്പെട്ടു. ഇന്ത്യയുമായുള്ള തർക്കങ്ങളിൽ പാകിസ്താനിലെ ഭരണാധികാരികൾ പൊതുവെ എടുക്കാറുള്ള നിലപാടുകൾ മുശർറഫിൻെറ കാലത്ത് കുറെക്കൂടി കർക്കശമായി. കശ്മീരിൻെറ കാര്യത്തിൽ ചർച്ചയില്ലാതെ ഒരു സന്ധിയും സാധ്യമല്ലെന്ന് അദ്ദേഹം തീർത്തു പറഞ്ഞു. പക്ഷേ, വളരെപ്പെട്ടെന്നു തന്നെ മുശർറഫ് മാറാൻ തുടങ്ങി. അഫ്ഗാനിസ്താനിലെ അമേരിക്കൻ ആക്രമണത്തെ പിന്തുണക്കുക എന്ന വങ്കത്തം ചെയ്തതോടെ സിന്ദ്ബാദിൻെറ തലയിലിരുന്ന കടൽക്കിഴവനെ പോലെ ജോർജ് ബുഷ് മുശർറഫിനെ ചുറ്റിവരിഞ്ഞു. മൂന്നാം ലോക രാജ്യങ്ങളിലെ വിഭവങ്ങളും

തന്ത്രപ്രധാനമായ ഭൂമേഖലകളും കൈയടക്കാനുള്ള അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കുടിലതന്ത്രത്തെ 'ഭീകരതക്കെതിരെയുള്ള യുദ്ധം' എന്നു വിശേഷിപ്പിക്കാൻ മറ്റാരെക്കാളും മുന്നിട്ടിറങ്ങാൻ മുശർറഫ് നിർബന്ധിതനായി. ഒടുവിൽ ആ 'യുദ്ധ'ത്തിന്റെ പേരിൽ വസീറിസ്താനിലും ബലൂചിസ്താനിലും സ്വന്തം ജനങ്ങൾക്കെതിരെ സൈന്യത്തെ അയക്കേണ്ട ഗതികേടും അദ്ദേഹത്തിന് വന്നു.

പ്രസിഡന്റ് പദവിയിലേക്കുള്ള രൂപാന്തരത്തിന്റെ മുന്നോടിയായി മുശർറഫ് രാജ്യത്ത് അടിയന്തരാവസ്ഥ കൊണ്ടുവന്നു. ജുഡീഷ്യറി, മാധ്യമങ്ങൾ, രാഷ്ട്രീയക്കാർ- എല്ലാവരെയും കൂട്ടത്തോടെ ഒതുക്കാൻ ഈ കാലയളവിൽ മുശർറഫിന്റെ കിങ്കരൻമാർ അത്യധ്വാനം ചെയ്തു. 1986-ൽ മുഹമ്മദ് ഖാൻ ജുനേജോ കൊണ്ടുവന്ന നിയമമാണ് പാകിസ്താനിലെ മാധ്യമങ്ങൾക്ക് ഇപ്പോഴുള്ള മുഴുവൻ സ്വാതന്ത്ര്യത്തിന്റെയും അടിത്തറ. 1963-ലെ പത്രമാരണബിൽ വീണ്ടും കൊണ്ടുവന്ന് മുശർറഫ് അത് എടുത്തുകളഞ്ഞു. പാകിസ്താനിലെ ചാനലുകളിൽ 'ടോക്ക് ഷോ' പരിപാടികൾ നിരോധിച്ചു. പാകിസ്താനിലെ ജനപ്രിയ ചാനലായ ജിയോ ടി.വിക്ക് പൂർണമായ വിലക്കേർപ്പെടുത്തി. തെരഞ്ഞെടുപ്പ് കമീഷന്റെ ഓഫീസിനു മുമ്പിൽ 50-ഓളം വാർത്താ ലേഖകരെ ഇസ്‌ലാമാബാദിൽ നടുറോഡിലിട്ട് തല്ലിച്ചതച്ചു. പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മുശർറഫിനെതിരെ നാമനിർദേശ പത്രിക സമർപ്പിക്കാനെത്തിയവരെ കുറിച്ച വാർത്ത റിപ്പോർട്ടു ചെയ്യുന്നതിനിടെയായിരുന്നു ഇത്. മീഡിയാ നിയന്ത്രണങ്ങൾക്കെതിരെ പ്രതികരിച്ച 200-ലേറെ പത്രപ്രവർത്തകരെ കറാച്ചിയിൽ നവംബർ 20-ന് അറസ്റ്റുചെയ്തു. പാകിസ്താനിലെ മീഡിയാ നിയന്ത്രണം എത്രത്തോളമെന്നു വെച്ചാൽ നേർക്കുനേരെ ടെലികാസ്റ്റ് ചെയ്യുന്ന വാർത്താ സമ്മേളനങ്ങൾക്കിടയിൽ പോലും ഗവൺമെന്റിനെതിരെ പരാമർശമുന്നയിക്കാൻ ആരംഭിക്കേണ്ട താമസം, ചാനലിന്റെ സിഗ്നൽ തനിയെ ഇല്ലാതാവും. ആഗോളതലത്തിൽ കണക്കെടുപ്പ് നടത്തിയ 167 രാജ്യങ്ങളിൽ പാകിസ്താനിലെ മാധ്യമ സ്വാതന്ത്ര്യം അവസാനത്തെ 20-ലേക്ക് താഴ്ന്നു.

## തെരഞ്ഞെടുപ്പിലേക്ക് പോകുന്നത്...

ഇത്രയുമാണ് പാകിസ്താനിലെ പ്രധാന സംഭവ വികാസങ്ങൾ. ഇതിന്റെയെല്ലാം വെളിച്ചത്തിലാണ് പാകിസ്താൻ ഫെബ്രുവരി 18-ന് തെരഞ്ഞെടുപ്പിനെ നേരിടാനൊരുങ്ങുന്നത്. 75 ശതമാനം ജനങ്ങളും മുശർറഫിനെ വെറുക്കുന്നതായി അഭിപ്രായ വോട്ടെടുപ്പുകളിൽ പുറത്തുവന്നു കഴിഞ്ഞു. പക്ഷേ, തെരഞ്ഞെടുപ്പിൽ ജയിക്കുന്നില്ലെങ്കിൽ മുശർറഫിന്റെ പദവി മാത്രമല്ല ജീവൻ പോലും അപകടത്തിലാവും. അദ്ദേഹത്തെ എതിരാളികൾ 'ഇംപീച്ച്' ചെയ്യുമെന്നുറപ്പ്. തെരഞ്ഞെടുപ്പിൽ എങ്ങനെയെങ്കിലും ജയിക്കേണ്ടത് മുശർറഫിന് അനിവാര്യമായി മാറുന്നു. അത്യാവശ്യം അഴിമതിയില്ലാതെ പാകിസ്താനിൽ തെരഞ്ഞെടുപ്പ് സാധ്യമല്ലെന്ന അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിന്റെ നിരീക്ഷണം ഇതോടു ചേർത്തുവായിക്കുക. ഒരു നിരീക്ഷണത്തേക്കാളുപരി അമേരിക്കയുടെ സമ്മതമായാണ് ഇത് വ്യാഖ്യാനിക്കപ്പെട്ടത്. പാകിസ്താനിലെ രാഷ്ട്രീയ പ്രക്രിയയിൽ ജനങ്ങൾക്കുണ്ടായിരുന്ന അവസാനത്തെ വിശ്വാസവും ഇല്ലാതായി. ബേനസീറിന്റെ പാർട്ടിക്കും നവാസ് ശരീഫിന്റെ പാർട്ടിക്കും പട്ടാള ഭരണകൂടം പ്രവർത്തനാനുമതി തിരിച്ചു നൽകിയെങ്കിലും 'പുനരൈക്യ കരാർ' ഒപ്പിടണമെങ്കിൽ ലാൽ മസ്ജിദ് സംഭവവും വടക്കൻ മേഖലയിലെ സൈനിക ഇടപെടലും പരസ്യമായി അംഗീകരിക്കണമെന്ന് നിബന്ധന വെച്ചു. ബേനസീർ ഇത് പരസ്യമായി അംഗീകരിക്കുകയും രഹസ്യമായി തള്ളിപ്പറയുകയും ചെയ്തു. നവാസ് ശരീഫ് രണ്ടിനും തയാറാവാത്തതു കൊണ്ട് അദ്ദേഹത്തിനെതിരെയുള്ള അഴിമതി കേസുകൾ പിൻവലിക്കാൻ മുശർറഫ് തയാറായില്ല. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ പാർട്ടിക്ക് അംഗീകാരം തിരിച്ചു കൊടുത്തെങ്കിലും മൽസരിക്കുന്നതിൽ നിന്നും ശരീഫിനെ തെരഞ്ഞെടുപ്പ് കമീഷൻ വിലക്കി. അതേസമയം എല്ലാ 'ധാരണ'കൾക്കു ശേഷവും പി.പി.പി അധ്യക്ഷയും രണ്ടു തവണ പാകിസ്താന്റെ പ്രധാനമന്ത്രിയുമായിരുന്ന ബേനസീർ ഭുട്ടോ തെരുവിൽ കൊല്ലപ്പെട്ടതോടെ തെരഞ്ഞെടുപ്പിന്റെ അർഥം തന്നെ ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയാണ് ഇന്ന് പാകിസ്താനിൽ. മുശർറഫ് ആർക്കു വേണ്ടിയാണ് ഈ ആഭാസം നടത്തുന്നതെന്ന ചോദ്യമാണ് ഓരോ വോട്ടറുടെയും മനസ്സിൽ.

പി.പി.പിയും നവാസ് ശരീഫിന്റെ മുസ്‌ലിം ലീഗും മുശർറഫിന്റെ മുസ്‌ലിം ലീഗുമാണ് പാക് തെരഞ്ഞെടുപ്പിൽ അങ്കം വെട്ടുന്ന പ്രധാന രാഷ്ട്രീയ പാർട്ടികൾ. കറാച്ചിയിൽ മുഹാജിർ ഖൗമി മൂവ്മെന്റും ഇംതിയാസ് ശൈഖിന്റെ നാഷണൽ അലയൻസും വടക്കൻ മേഖലയിൽ അസ്ഫന്ദിയാർ വലി ഖാന്റെ അവാമി നാഷനൽ പാർട്ടിയും സാന്നിധ്യമറിയിക്കാൻ കഴിയുന്ന ചെറിയ രാഷ്ട്രീയ പാർട്ടികളാണ്. മുൻ കാലങ്ങളിൽ സെനറ്റ് അംഗങ്ങളെ ഒഴിച്ചു നിർത്തിയാൽ മുശർറഫിന്റെ മുസ്‌ലിം ലീഗാണ് നിലവിൽ പാർലമെന്റിലെ ഏറ്റവും വലിയ ഒറ്റക്കക്ഷി. അവർക്ക് 117 സീറ്റ് കൈയിലുണ്ട്. പി.പി.പി (81), മുത്തഹിദ മജ്‌ലിസെ അമൽ -എം.എം.എ- (63), നവാസ് ശരീഫ് (19), നാഷനൽ അലയൻസ് (16), പാകിസ്താൻ മുസ്‌ലിം ലീഗ് പഗാരോ ഗ്രൂപ്പ് (5) എന്നിങ്ങനെയാണ് ഇപ്പോഴത്തെ കക്ഷിനില. യഥാർഥ ജനഹിതമാണ് പരിശോധിക്കപ്പെടുന്നതെങ്കിൽ പി.പി.പിയും നവാസ് ശരീഫും തമ്മിലായിരിക്കും ഇത്തവണ പോരാട്ടം. പക്ഷേ 'ക്യു'ലീഗിന്റെ കള്ളക്കളികളായിരിക്കും പാകിസ്താനിലെ ജനവിധി അന്തിമമായി തീരുമാനിക്കുക.

മുഖ്യപ്രതിപക്ഷമായ എം.എം.എ തെരഞ്ഞെടുപ്പിൽ നിന്ന് വിട്ടു നിൽക്കാനാണ് തീരുമാനിച്ചത്. മുശർറഫ് പ്രസിഡന്റ് പദവിയിൽ തുടരുന്നേടത്തോളം കാലം നിയമവിരുദ്ധമായ തെരഞ്ഞെടുപ്പും സർക്കാർ രൂപീകരണവുമാണ് രാജ്യത്ത് സംഭവിക്കാൻ പോകുന്നതെന്ന് എം.എം.എ നേതാവ് ഖാദീ ഹുസൈൻ അഹ്മദ് പറയുന്നു. മുശർറഫിനെ പ്രസിഡന്റായി അംഗീകരിക്കുന്ന ഭരണഘടനാ ഭേദഗതി മജ്‌ലിസെ മുത്തഹിദ നേതാവ് മൗലാനാ ഫസ്‌ലുർറഹ്‌മാൻ പിന്തുണച്ചതോടെ എം.എം.എ നെടുകെ പിളർന്നിരുന്നു. ജംഇയ്യത്തുൽ ഉലമായെ ഇസ്‌ലാം നേതാവായ മൗലാനാ ഫസ്‌ലുർറഹ്‌മാൻ കഴിഞ്ഞാൽ എം.എം.എയിൽ പിന്നെയുള്ള പ്രധാന സംഘടനകൾ ജമാഅത്തെ ഇസ്‌ലാമിയും ജംഇയ്യത്തുൽ ഉലമായെ ഇസ്‌ലാം സമീഉൽ ഹഖ് വിഭാഗവുമാണ്. ഫസ്‌ലുർറഹ്‌മാന്റെ നീക്കത്തെ ജമാഅത്തെ ഇസ്‌ലാമി എതിർത്തിരുന്നു. എം.എം.എ ഭരിച്ച രണ്ടു പ്രവിശ്യകളിലും അവർ സർക്കാരിൽ നിന്നും രാജിവെച്ചൊഴിഞ്ഞു. ബലൂചിസ്താനിലെ പഷ്തൂൺ നേതാവ് മഹ്‌മൂദ് ഖാൻ അച്ചക്സായിയും ഖാദീ ഹുസൈൻ അഹ്‌മദും മുൻകൈയെടുത്ത് ജനാധിത്യ പുനഃസംസ്ഥാപന വേദിക്ക് (എ.പി.ഡി.ആർ) രൂപം നൽകി. തഹ്‌രീകെ ഇൻസാഫ് അധ്യക്ഷൻ ഇമ്രാൻ ഖാൻ ഇവരോടൊപ്പം ചേർന്നു. മുശർറ


ഫ് തീയതി പ്രഖ്യാപിക്കുന്നതിനും മാസങ്ങൾ മുമ്പെ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കണമെന്ന് ഇവർ ആഹ്വാനം ചെയ്തു. തുടക്കത്തിൽ ഇതുമായി സഹകരിക്കാൻ നവാസ് ശരീഫും ബേനസീറും തയറായായെകിലും പിന്നീട് അവർ കാലുമാറി. ഒരുവേള ഇവർ അമേരിക്കയുടെ സമ്മർദ്ദത്തിന് അടിപ്പെടുകയാണ് ചെയ്തതെന്നും കരുതാവുന്നതാണ്. തെരഞ്ഞെടുപ്പ് ബഹിഷ്കരണം പൊതുവികാരമാണെങ്കിലും ജമാഅത്തെ ഇസ്ലാമിയും അനുകൂല സംഘടനകളും മാത്രമാണ് രംഗത്ത് അവശേഷിച്ചവർ.

മൗലാനാ ഫസ്ലുർറഹ്മാൻ എന്തുകൊണ്ടാണ് മുശർറഫിനെ തുണച്ചതെന്ന ചോദ്യത്തിന് രാഷ്ട്രീയമായ ഉത്തരം ഇപ്പോഴുമില്ല. മുശർറഫിന് മൗലാനയെ വിരട്ടാൻ കഴിയുന്ന ഏതോ ചില പിടിവള്ളികൾ ഉണ്ടായിരുന്നുവെന്നു മാത്രമാണ് ഇതേകുറിച്ച് കേൾക്കാനുള്ളത്. യൂറോപ്യൻ യാത്രകൾക്കിടയിൽ മൗലനക്കു പറ്റിയ ഒരു 'സാന്മാർഗിക' തെറ്റിന്റെ തെളിവ് മുശർറഫിന്റെ കൈയിലുണ്ടെന്നാണ് ഒരു ആരോപണം. മറ്റൊന്ന് അഴിമതിയുമായി ബന്ധപ്പെട്ട ചില ആരോപണങ്ങളാണ്. ഏതായാലും തീർത്തും ലക്ഷണം കെട്ട രീതിയിലായിരുന്നു ഭരണഘടനാ ഭേദഗതി പാസാക്കാൻ ഫസ്ലുർറഹ്മാൻ മുശർറഫിനെ പിന്തുണച്ചത്. എം.എം.എ എന്തിനു വേണ്ടിയാണോ രൂപീകരിക്കപ്പെട്ടത് അതിന്റെ അടിസ്ഥാനത്തെ ചോദ്യം ചെയ്യുകയായിരുന്നു ഫസ്ലുർറഹ്മാൻ. അദ്ദേഹത്തിന്റെ രാഷ്ട്രീയ പരാജയമായി ഈ നീക്കം മാറുകയും ചെയ്തു. ഇന്ന് സ്വന്തം ശക്തി കേന്ദ്രങ്ങളായ ബന്നു, ദേര ഇസ്മാഈൽഖാൻ എന്നിവിടങ്ങളിൽ പോലും അദ്ദേഹത്തിന്റെ പാർട്ടിയെ ജനങ്ങൾ തള്ളിപ്പറയുന്നതാണ് കാഴ്ച. കഴിഞ്ഞ തവണ എം.എം.എ തൂത്തുവാരിയ വടക്കൻ മേഖലയിൽ ഇക്കുറി അവരുടെ സാധ്യതകൾ പകുതിയിലേറെ കുറഞ്ഞു.

മുശർറഫിന്റെ രാഷ്ട്രീയപാർട്ടിയെന്നു വിശേഷിപ്പിക്കാവുന്നത് മുസ്ലിം ലീഗ്(ക്യു)വിനെയാണ്. എല്ലാ അർഥത്തിലും രാജാവിന്റെ പാർട്ടി. ഖുർശിദ് അഹ്മദ് ഖസൂരിയും വിരലിലെണ്ണാവുന്ന ചിലരും ചേർന്ന് 2000-ത്തിന്റെ തുടക്കത്തിൽ നവാസ് ശരീഫിന്റെയും ശഹ്ബാസ് ശരീഫിന്റെയും കുടുംബാധിപത്യത്തിനെതിരെ മുസ്ലിം ലീഗിനകത്ത് ആരംഭിച്ച തിരുത്തൽവാദമായിരുന്നു ക്യു ലീഗ്. പതുക്കെ മുശർറഫ് അതിനെ തന്റേതാക്കി. അധികാരം മുതലെടുത്ത് പട്ടാളക്കാർ പലരെയും നവാസ് ശരീഫിന്റെ പാർട്ടിയിൽ നിന്നും ഇപ്പുറത്തേക്ക് ചാടിച്ചു. മറ്റു രാഷ്ട്രീയ പാർട്ടികളിൽ പലതവണ ഭാഗ്യം പരീക്ഷിച്ചവരും പൊതുവെ കൊള്ളരുതാത്തവരായി മുദ്രകുത്തപ്പെടുന്നവരുമായ ഏതാനും അവസരവാദികളും ക്യു ലീഗിൻെറ ഭാഗമായി. പിൽക്കാലത്ത് മുസ്ലിം ലീഗ് ക്യു പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ 'തൂത്തുവാരി'. അവരുടെ ഒരു പരസ്യം *ഏഷ്യാ ടൈംസ്* ഈയിടെ വാർത്തയാക്കിയിരുന്നു. 'തന്ത്രമായാലും കുതന്ത്രമായാലും തങ്ങൾ തെരഞ്ഞെടുപ്പ് ജയിക്കും. നിങ്ങൾ വോട്ട് വെറുതെ കളയുന്നതെന്തിന്? ജയിക്കുന്നവർക്ക് നൽകിക്കൂടേ' എന്നായിരുന്നു പരസ്യത്തിൽ ഉണ്ടായിരുന്നത്. തന്നെ പ്രസിഡന്റ് പദവിയിലേക്ക് ജയിപ്പിച്ച പാർട്ടിയുടെ വിജയം തെരഞ്ഞെടുപ്പിൽ ഉറപ്പു വരുത്തുമെന്ന മുശർറഫിന്റെ കുപ്രസിദ്ധമായ പ്രസംഗവും കൂടി ചേർത്തു വായിക്കുമ്പോൾ ചിത്രം പൂർത്തിയാകുന്നു. ജനങ്ങൾ വോട്ടുചെയ്താലുമില്ലെങ്കിലും തങ്ങൾ ജയിക്കുമെന്ന് ഈ പാർട്ടിയുടെ നേതാക്കൾ പരസ്യമായി പറയാൻ തുടങ്ങിയതോടെ ഒരിക്കൽ കൂടി പാകിസ്താനിൽ തെരഞ്ഞെടുപ്പ് അട്ടിമറിക്കപ്പെടുമെന്നാണ് വ്യക്തമാവുന്നത്.

തെരഞ്ഞെടുപ്പ് അഴിമതിയെ കുറിച്ച ധാരാളം വാർത്തകളാണ് പാകിസ്താനിൽ നിന്നും കേൾക്കാനുള്ളത്. പി.പി.പിയാണ് ജനപിന്തുണയിൽ മുമ്പിലെങ്കിലും പാക് തെരഞ്ഞെടുപ്പ് അഴിമതിയിൽ മുങ്ങുമെന്ന് റിപ്പോർട്ടു ചെയ്ത അന്താരാഷ്ട്ര സംഘടനയായ ഐ.ആർ.ഐയെ ഇസ്ലാമാബാദ് കെട്ടുകെട്ടിച്ചുവെന്നതാണ് ഒടുവിലത്തെ വിശേഷം. തെരഞ്ഞെടുപ്പ് നടക്കുന്നതിനു മുമ്പെ സംഘത്തോട് പാകിസ്താനിൽ നിന്ന് ഒഴിഞ്ഞുപോകാനും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. മുസ്ലിം ലീഗ് ക്യുവിൻെറ സ്ഥാനാർഥികൾക്ക് ഓരോരുത്തർക്കും 25,000 ബാലറ്റ് പേപ്പർ വീതം നേരത്തെ അച്ചടിച്ചു നൽകിയതായാണ് പാകിസ്താനിൽ നിന്നുള്ള ചില പത്രങ്ങൾ റിപ്പോർട്ടു ചെയ്തത്. പഞ്ചാബ് പ്രവിശ്യയിലെ മുഖ്യമന്ത്രി പർവേസ് ഇലാഹീ സർക്കാർ സംവിധാനങ്ങളെ വ്യാപകമായി ദുരുപയോഗം ചെയ്ത് ക്യു ലീഗിനെ സഹായിക്കുന്നതായി നവാസ് ശരീഫ് ഈയിടെ തെളിവുകൾ സഹിതം ആരോപണമുന്നയിച്ചു. മുഖ്യ തെരഞ്ഞെടുപ്പു കമീഷണർ ഖാദീ മുഹമ്മദ് ഫാറൂഖ് സമ്മതിക്കുന്നത് ക്രമക്കേടുകളെ കുറിച്ച 600-ഓളം പരാതികൾ ലഭിച്ചതായാണ്. പക്ഷേ, ഈ പരാതികളിൽ നടപടിയെടുക്കാൻ തനിക്ക് കഴിയില്ലെന്നും ഫാറൂഖ് വ്യക്തമാക്കി. പാകിസ്താനിലെ തെരഞ്ഞെടുപ്പ് കമ്മീഷൻ പക്ഷപാതപരമായാണ് പെരുമാറുന്നതെന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ നിരീക്ഷണ സമിതിയും (എച്ച്.ആർ.ഡബ്ല്യു) എ.എഫ്.പിയും റിപ്പോർട്ടു ചെയ്തു.

മുശർറഫ് എന്ന വ്യക്തിയുടെ നിലനിൽപ്പാണ് പാകിസ്താൻ എന്ന രാജ്യത്തിന്റെ നിലനിൽപ്പിനേക്കാൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രധാനമാവുന്നത്. ജനാധിപത്യ വിരുദ്ധതയുടെ മൂർത്തരൂപമായിട്ടും യൂറോപ്യൻ യൂണിയനും അമേരിക്കയും അദ്ദേഹത്തെയാണ് പിന്തുണക്കുന്നതും. ഈ സാഹചര്യത്തിൽ മറ്റു പലരുടെയും താൽപര്യങ്ങളുടെ പാവക്കൂത്തല്ലാതെ അവിടെ നടക്കുന്നത് തെരഞ്ഞെടുപ്പാണെന്ന് വിശ്വസിക്കുക പ്രയാസമാണ്. ■



# 'ഈ സർക്കാർ നിലനിൽക്കില്ല'

## പ്രഫ. അബ്ദുൽ ഗഫൂർ

**തെരഞ്ഞെടുപ്പിൽ** നിന്ന് വിട്ടു നിൽക്കാനുള്ള പാക് ജമാഅത്തിൻെറ തീരുമാനം തെറ്റായിരുന്നെന്നാണ് പൊതുവെ വിമർശനമുയരുന്നത്. പാക് രാഷ്ട്രീയത്തിൽ നിന്ന് അടുത്ത അഞ്ചു വർഷത്തേക്ക് ജമാഅത്തെ ഇസ്‌ലാമി നിഷ്കാസിതമാവുമെന്നും മറുഭാഗത്ത് മുശർറഫിൻെറ നിയമ വിരുദ്ധ ഭരണം ശക്തിപ്പെടുമെന്നും നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. ഈ വാദങ്ങൾ ഖണ്ഡിക്കുകയാണ് പാകിസ്ഥാൻ ജമാഅത്തെ ഇസ്‌ലാമി ഉപാധ്യക്ഷനും എ.പി.ഡി.എം നേതാവുമായ പ്രഫ. അബ്ദുൽ ഗഫൂർ. പാക് രാഷ്ട്രീയത്തിൽ ഏറെ ആദരിക്കപ്പെടുന്ന ഗഫൂർ കറാച്ചിയിലെ ഇസ്‌ലാമിക് റിസർച്ച് അക്കാദമിയിൽ വെച്ച് *പ്രബോധന*വുമായി സംസാരിച്ചു.

**എന്തായിരുന്നു തെരഞ്ഞെടുപ്പിൽനിന്ന് വിട്ടുനിൽക്കാനുണ്ടായ കാരണം?**

നിയമ വിരുദ്ധമായ രീതിയിലാണ് മുശർറഫ് പ്രസിഡൻറായത് എന്നതു തന്നെ. അദ്ദേഹത്തിൻെറ പദവി കോടതിയിൽ ചോദ്യം ചെയ്യപ്പെടുമായിരുന്നു. അതുകൊണ്ടാണ് ജഡ്ജിമാരെ നീക്കിയതും രാജ്യത്ത് അടിയന്തരാവസ്ഥ കൊണ്ടുവന്നതും. ഭരണഘടനയിൽ അദ്ദേഹം കാതലായ മാറ്റങ്ങൾ വരുത്തി. ഇക്കാര്യത്തിൽ റഫറണ്ടം വേണമെന്നാണ് ജമാഅത്ത് ആവശ്യപ്പെട്ടു കൊണ്ടിരുന്നത്. ഇപ്പോഴത്തെ ഭരണഘടനയുടെ വെളിച്ചത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിൽ അർഥമില്ല. രണ്ടാമത്തേത് കെയർടേക്കർ ഗവൺമെൻറിൻെറ കാര്യമാണ്. പ്രതിപക്ഷവുമായി കൂടിയാലോചിച്ചാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്ന ജമാഅത്തിൻെറ ആവശ്യം പരിഗണിക്കപ്പെട്ടില്ല. മുശർറഫിൻെറ ഇഷ്ടക്കാരും സിൽബന്ധികളുമാണ് ഇപ്പോഴത്തെ കാവൽ മന്ത്രിസഭയിലുള്ളത്. ഈ സർക്കാറിൻെറ മേൽനോട്ടത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പിനും അർഥമില്ല.

**ജമാഅത്തിൻെറ തീരുമാനം തെറ്റായിരുന്നില്ലേ?**

ഒരിക്കലുമല്ല. ആൾ പാർട്ടി ഡെമോക്രാറ്റിക് മൂവ്മെൻറ് (എ.പി.ഡി.എം) സംയുക്തമായി എടുത്ത തീരുമാനമായിരുന്നു അത്. നവാസ് ശരീഫ് അടക്കമുള്ളവർ ലണ്ടനിൽ നടന്ന ബഹിഷ്കരണ തീരുമാന യോഗത്തിൽ പങ്കെടുത്തവരാണ്. പക്ഷേ അവരിൽ പലരും കൂറു മാറുകയോ സമ്മർദ്ദത്തിന് അടിപ്പെടുകയോ ചെയ്തു. എല്ലാവരും ഒന്നിച്ചു നിന്നിരുന്നുവെങ്കിൽ ചിത്രം മറ്റൊന്നായേനെ. തഹ്‌രീകെ ഇൻസാഫും ബലൂചിസ്ഥാൻ പാർട്ടിയും ഇപ്പോഴും ബഹിഷ്കരണ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയാണ്. എം.എം.എ ഇക്കാര്യത്തിൽ ഉറച്ച നിലപാടെടുത്തിരുന്നുവെങ്കിലും മൗലാനാ ഫസ്‌ലുർ റഹ്മാൻ പിന്നീട് അതിൽ നിന്ന് പിന്നാക്കം പോയി. പക്ഷേ ജനങ്ങൾ ഞങ്ങളോടൊപ്പമാണ്. ഈ തെരഞ്ഞെടുപ്പിനെ പാകിസ്ഥാനിലെ ഭൂരിപക്ഷം ജനങ്ങളും ബഹിഷ്കരിക്കുക തന്നെ ചെയ്യും.

**തെരഞ്ഞെടുപ്പിൽ എന്തു സംഭവിക്കുമെന്നാണ് ഭയക്കുന്നത്?**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വ്യാപകമായ അഴിമതിയാണ് നടന്നത്. തന്നെ പ്രസിഡൻറാക്കിയവരുടെ ജയം ഉറപ്പു വരുത്തുമെന്ന് മുശർറഫ് പരസ്യമായി പറയുന്നു. എല്ലാ അന്താരാഷ്ട്ര ഏജൻസികളും വാർത്താ മാധ്യമങ്ങളും പാക് തെരഞ്ഞെടുപ്പിൽ കൃത്രിമം നടക്കുമെന്ന് ചൂണ്ടിക്കാട്ടുന്നു. പി.പി.പിയും നവാസ് ശരീഫും ഈ ആരോപണമുന്നയിക്കുന്നു. ഭരണകൂടത്തോടുള്ള പ്രതിഷേധം പ്രകടിപ്പിക്കാനാണ് തങ്ങൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതെന്നാണ് കൊല്ലപ്പെട്ട ബേനസീർ അവസാനം വരെയും പറഞ്ഞിരുന്നത്.

**കൃത്രിമം നടക്കുകയാണെങ്കിൽ പോലും നിയമവിരുദ്ധമായ ഒരു സർക്കാർ അധികാരത്തിലേറുക എന്നതാവില്ലേ അനന്തരഫലം?**

അതിൽ കാര്യമില്ല. പുതിയ സർക്കാർ വളരെപ്പെട്ടെന്ന് തകർന്നടിയും. അധികാരം പൂർണമായും മുശർറഫിൻെറ കൈയിലാണ്. എന്നാൽ പഴയതു പോലെ സൈന്യത്തിന് രാജ്യത്തിൻെറ ദൈനംദിന കാര്യങ്ങളിൽ ഇടപെടാനാവുന്നില്ല. ഇപ്പോൾതന്നെ അസഹ്യമായ തോതിൽ രാജ്യത്ത് വിലക്കയറ്റം അനുഭവപ്പെടുന്നുണ്ട്. മിയാൻ സുംറുവിൻെറ താൽക്കാലിക സർക്കാറിന് കഴിയാത്തതുപോലെ പുതിയ സർക്കാറിനും ഇക്കാര്യത്തിൽ ഒന്നും ചെയ്യാനാവില്ല. ജനങ്ങൾ തെരുവിലിറങ്ങുന്ന സാഹചര്യമാണ് രാജ്യത്തുണ്ടാവുക. മാത്രമല്ല പട്ടാളവും ഒരു വലിയ പ്രതിസന്ധിയിലാണ് ഇപ്പോഴുള്ളത്. വടക്കൻ മേഖലയിൽ സ്വന്തം ജനതയുമായാണ് അവർ ഏറ്റുമുട്ടുന്നത്. പുതിയ സൈനിക മേധാവിക്ക് ഇക്കാര്യത്തിൽ മറിച്ചൊരു തീരുമാനമെടുക്കേണ്ടി വരുമെന്നത് തീർച്ചയാണ്. അത് മുശർറഫിനെതിരെയുള്ള തീരുമാനം കൂടിയായി മാറും.

**പുതിയ സർക്കാർ പ്രശ്നങ്ങൾ പരിഹരിക്കില്ലെന്നാണോ?**

തീർച്ചയായുമില്ല. അവർക്ക് പാകിസ്താൻെറ ഒരു പ്രശ്നവും തീർക്കാനാവില്ല. മാത്രമല്ല സൈന്യത്തിൻെറ പിന്തുണ ഇപ്പോൾ തന്നെ മുശർറഫിനെതിരാവുന്നതിൻെറ സൂചനകളുണ്ട്. ജനങ്ങളുടെ പക്ഷത്തു നിന്ന് ഈ സമരം നയിക്കാൻ ജമാഅത്തെ ഇസ്‌ലാമിയും അതുപോലുള്ളവരും തീർച്ചയായും ഉണ്ടാകും. അദ്ദേഹത്തിന് സ്വാഭാവികമായും പിടിച്ചു നിൽക്കാനാവില്ല. ഈ പ്രക്രിയകൾ എപ്പോൾ പൂർത്തിയാകുന്നു എന്നത് സമയത്തിൻെറ മാത്രം പ്രശ്നമാണ്. എന്നാൽ വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ പാകിസ്താനിൽ മുശർറഫ് ചിത്രത്തിലില്ലാത്ത ഒരു തെരഞ്ഞെടുപ്പ് നടക്കും. ഈ തെരഞ്ഞെടുപ്പാണ് പാകിസ്താൻെറ ചരിത്രം നിർണയിക്കുക. അല്ലാതെ ഫെബ്രുവരി 18ന് നടക്കുന്നതല്ല. ■